"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട്, ക്ലാർക്ക്, എൽ.ഡി ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ അന്യത്രസേവന വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ്

സ.ഉ.(സാധാ) നം.3120/2025/LSGD തീയതി, തിരുവനന്തപുരം, 31-12-2025

---

പരാമർശം:- 1. സർക്കുലർ നം. 42/2013/ധന തീയതി 10/05/2013.

2. സ.ഉ.(സാധാ) നം. 580/2013/ധന തീയതി 28/11/2013.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ 03/11/2025-ലെ A1-1032/TLSGIs/2025 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിൽ നിലവിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചുവരുന്ന ജൂനിയർ സൂപ്രണ്ട്, ക്ലാർക്ക്, എൽ.ഡി ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലെ ജീവനക്കാരുടെ അന്യത്രസേവന കാലാവധി 07.01.2026 മുതൽ 19.02.2026 വരെ തീയതികളിലായി അവസാനിക്കാനിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തികകളിലെ ഒഴിവുകളിലേക്ക് ഡിസ്ട്രിക്ട് ജുഡീഷ്യറി/ജുഡീഷ്യറി വകുപ്പിൽ നിന്നുള്ള ചുവടെ പട്ടികയിൽ പരാമർശിക്കുന്ന ജീവനക്കാരെ അന്യത്രസേവനവ്യവസ്ഥയിൽ നിയമിക്കണമെന്നും പരാമർശം(3) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ സർക്കാരിനോട് ശിപാർശ ചെയ്യുകയുണ്ടായി.

| ക്രമ. നം | പേരും PEN-ഉം | നിലവിലെ തസ്തികയും ഓഫീസും | നിയമനം നൽകുന്ന തസ്തിക | ശമ്പള സ്കെയിൽ (₹) |
|---|---|---|---|---|
| 1. | ശ്രീമതി ലില്ലി പുഷ്പം എൽ. കെ. (PEN: 625119) | ജൂനിയർ സൂപ്രണ്ട്, ജെ.എഫ്.സി.എം കോടതി, കുന്നംകുളം | ബെഞ്ച് ക്ലർക്ക് | 43,400 - 91,200 |

| | | | | |
|---|---|---|---|---|
| 2. | **ശ്രീ. ഗോകുൽ ജി. മോഹൻ** (PEN: 875688) | ക്ലർക്ക്, അഡീഷണൽ ജില്ലാ സെഷൻസ് കോടതി-I/MACT തൊടുപുഴ | ക്ലർക്ക് | 26.500 – 60.700 |
| 3. | **ശ്രീമതി.വീണ മോഹൻ** (PEN: 653910) | എൽ.ഡി ടൈപ്പിസ്റ്റ്, സി.ജെ.എം കോടതി, പത്തനംതിട്ട | എൽ.ഡി ടൈപ്പിസ്റ്റ് | 26.500 – 60.700 |
| 4. | **ശ്രീ. ആദർശ് അശോക്** (PEN: 986780) | ഓഫീസ് അറ്റൻഡന്റ്, സബ് കോടതി, തൊടുപുഴ | ഓഫീസ് അറ്റൻഡന്റ് | 23.000 – 50.200 |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന ഉദ്യോഗസ്ഥരെ കെ.എസ്.ആർ. ഭാഗം-1 ചട്ടം 140 (സി) യിലെ വ്യവസ്ഥകൾക്കും അന്യത്രസേവനം സംബന്ധിച്ച് പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി പട്ടികയിൽ പരാമർശിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയത്തിലെ തസ്തികകളിൽ ഒഴിവ് വരുന്ന മുറയ്ക്ക് അതാത് തീയതികൾ മുതൽ ഒരു വർഷത്തേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിനീത വി ആർ
അണ്ടർ സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയം, തിരുവനന്തപുരം
രജിസ്ട്രാർ (ഡിസ്ട്രിക്ട് ജുഡീഷ്യറി), കേരള ഹൈക്കോടതി, എറണാകുളം
ബന്ധപ്പെട്ട വ്യക്തികൾക്ക് (രജിസ്ട്രാർ (ഡിസ്ട്രിക്ട് ജുഡീഷ്യറി) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ./ഇ&ആർ.എസ്.എ.), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (IA2/193/2025/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 01-01-2026 10:38:49
സെക്ഷൻ ഓഫീസർ